भारतीय गैर न्यायिक

एक सौ रुपये **Rs. 100**

रु. 100 ONE HUNDRED RUPEES

भारत INDIA

INDIA NON JUDICIAL

കേരളം केरल **KERALA** X 300062

01-03-2013 രണ്ടായിരത്തി പതിമൂന്നാമാണ്ട് മാർച്ച് മാസം ഒന്നാം തീയതി ആലുവ മുപ്പത്തടം പി.ഒ., കാനപ്പള്ളി ഹൗസിൽ കെ.ജെ. ജോർജ്ജ് മകൻ കെ.ജി. ജോഷി ഒന്നാംപാർട്ടിയായും **Kerala Destinations Pvt. Ltd.** നുവേണ്ടി മാനേജിംഗ് ഡയറക്ടർ, തൃപ്പൂണിത്തുറ പി.ഒ., പുൽപ്പറമ്പിൽ വീട്ടിൽ ജോസ് മകൻ ജിബി ജോസ് രണ്ടാംപാർട്ടിയായും ചേർന്നെഴുതിയ വാടക കരാർ.

ഒന്നാംപാർട്ടി വക എളംകുളം വില്ലേജ് സർവ്വെ 463/1 ൽ പെട്ട സ്ഥലത്തിരിപ്പുള്ള 650 സ്ക്വയർഫീറ്റ് ചുറ്റളവുള്ള 1618-C നമ്പർ ഇട്ടിട്ടുള്ള ഇലക്ട്രിക്, വാട്ടർ കണക്ഷനോടുകൂടിയ കടമുറി

കെ.ജി. ജോഷി
ഒന്നാംപാർട്ടി

ജിബി ജോസ്
രണ്ടാംപാർട്ടി

NO. 76962

DATE 28-2-13

VALUE OF RS.

SOLD TO Keraladestinations Pvt Ltd, Kadavanthra

TO BE LINKED WITH SE NO. ........ TO

M. N. ANANDAVALLY

DISTRICT STAMP DEPOT
27 FEB 2013
ERNAKULAM

ഇന്നുമുതൽ 11 മാസക്കാലത്തേക്ക് 11,000/- (പതിനൊന്നായിരം) രൂപ പ്രകാരം പ്രതിമാസ വാടക നിശ്ചയിച്ച് രണ്ടാംപാർട്ടിക്ക് **Kerala Destinations Pvt. Ltd.** ന്റെ ഓഫീസ് ആവശ്യത്തിന് മാത്രമായി 5 വർഷത്തേക്ക് പ്രതിവർഷം 5% വാടകതുക കൂട്ടി ഒന്നാംപാർട്ടി വാടകയ്ക്കേറ്റ് കൊടുക്കാമെന്നും രണ്ടാംപാർട്ടി എടുക്കാമെന്നും പരസ്പരം സമ്മതിച്ച് ടി വാടക ഏർപ്പാടിന്റെ ഉറപ്പിലേക്കായി ഒഴിയുന്ന സമയം പലിശയില്ലാതെ മടക്കി തന്നുകൊള്ളാമെന്നുള്ള വ്യവസ്ഥയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി 33,000/- (മുപ്പത്തി മൂവായിരം) രൂപ രണ്ടാംപാർട്ടി പക്കൽ നിന്നും ഒന്നാം പാർട്ടിക്ക് ഇന്നേദിവസം രൊക്കം പണമായി കിട്ടി ബോദ്ധ്യം വന്നിരിക്കുന്നു. വാടക എല്ലാ മാസവും യാതൊരു കുറവും മുടക്കവും വരുത്താതെ കൃത്യമായി തന്നുകൊള്ളാമെന്നും മുടക്കം വരുത്തിയാൽ ആയതിനു നൂറ്റിക്ക് രണ്ടുവീതം കൂടുന്ന പലിശ സഹിതം തന്നുകൊള്ളാമെന്നും വാടകയ്ക്കു പുറമെ ഇലക്ട്രിക്, വാട്ടർ ചാർജ്ജ് ബില്ല് പ്രകാരമുള്ള തുക അടച്ച് രശീതി ഒന്നാംപാർട്ടിയെ ബോദ്ധ്യപ്പെടുത്തിക്കൊള്ളാമെന്നും രണ്ടാംപാർട്ടി സമ്മതിച്ചിരിക്കുന്നു. ടി കടമുറി യാതൊരുവിധ കേടുപാടുകൾ വരുത്താതെയും നാശമോശപ്പെടുത്താതെയും അന്യ കൈവശം കൊടുക്കുകയോ കീഴ് വാടകയ്ക്ക് കൊടുക്കുകയോ ചെയ്യാതെയും ടി ഷോപ്പ് മുറിയിൽ ഇന്റീരിയർ വർക്ക് ഒഴികെ രണ്ടാം പാർട്ടി വകയായി യാതൊരുവിധ ചമയങ്ങളും കൂട്ടിച്ചേർപ്പുകളും ഉണ്ടാക്കാതെയും, മേൽപ്പറഞ്ഞ ആവശ്യത്തിനു മാത്രം ഉപയോഗിച്ച് കാലാവധി തികയുന്ന മുറയ്ക്ക് യാതൊരുവിധ ഒഴിവുകഴിവുകളും മേലവധിയും പറയാതെ കടമുറി ഒഴിഞ്ഞ് താക്കോൽ തിരികെ കൊടുത്ത് സെക്യൂരിറ്റി സംഖ്യ മുഴുവനും മടക്കി വാങ്ങിക്കൊള്ളാമെന്നും രണ്ടാം പാർട്ടി സമ്മതിച്ചിരിക്കുന്നു. കാലാവധിക്കുള്ളിൽ ഒന്നാംപാർട്ടിക്ക് രണ്ടാംപാർട്ടിയെ ഒഴിപ്പിക്കേണ്ടതായി വന്നാലോ രണ്ടാംപാർട്ടിക്ക് സ്വയം ഒഴിയേണ്ടതായി വന്നാലോ ഒരുമാസത്തെ മുൻ നോട്ടീസ് പരസ്പരം നൽകേണ്ടതാണെന്നും നിശ്ചയിച്ചും മേൽ നിശ്ചയങ്ങൾക്ക് വിപരീതമായി രണ്ടാംപാർട്ടി

കെ.ജി. ജോഷി
ഒന്നാംപാർട്ടി

ജിബി ജോസ്
രണ്ടാംപാർട്ടി

മുഖേന വല്ല വ്യവഹാര കാരണവും സംഭവിച്ച് അതുമൂലം ഒന്നാംപാർട്ടിക്ക് നേരിടുന്ന സകല നഷ്ടത്തിനും രണ്ടാംപാർട്ടിയും സെക്യൂരിറ്റി സംഖ്യയും ഒരുപോലെ ഉത്തരവാദിയായിരിക്കുന്ന താണെന്നും സമ്മതിച്ചും നിശ്ചയിച്ചും താഴെ ഒപ്പിടുന്ന സാക്ഷികൾ കാൺകെ ഈ വാടക കരാറിൽ ഇരുകൂട്ടരും ഒപ്പിട്ട് അസ്സൽ കരാർ ഒന്നാംപാർട്ടിയും ഫോട്ടോകോപ്പി രണ്ടാംപാർട്ടിയും പരസ്പരം കൈമാറിയിരിക്കുന്നു.

കെ.ജി. ജോഷി
ഒന്നാംപാർട്ടി

ജിബി ജോസ്
രണ്ടാംപാർട്ടി

സാക്ഷികൾ:

1. Vishal Putithara Surendran, Tripunithura -

2. Sunil

ഈ കരാർ കമ്പ്യൂട്ടർ പ്രിന്റാകുന്നു. വെട്ടുതിരുത്തില്ല.

കെ.ജി. ജോഷി
ഒന്നാംപാർട്ടി

ജിബി ജോസ്
രണ്ടാംപാർട്ടി